(ബി) ഒരു കോടിയിലധികം തുക സർക്കാരിൽ നിന്ന് വായ്പ വാങ്ങിയ സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും വായ്പാ തീയതിയും സംഖ്യയും തിരിച്ചടവിന്റെ വിശദ വിവരവും ലഭ്യമാക്കുമോ ;

(സി) ഒരു കോടിയിലധികം തുക സർക്കാരിന് കുടിശ്ശികയാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക സംഖ്യ എത്രയെന്നും ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ) വിശദമായ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 8 സഹകരണ സംഘങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. (വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.)*

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഒരു കോടിയിലധികം വായ്പ നൽകിയ സഹകരണ സംഘങ്ങളിൽ ഒരു കോടിയിലധികം തുക സർക്കാരിന് കുടിശ്ശികയാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഇല്ല.

സഹകരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ക്ഷേമസാധനങ്ങൾ

19 (2271) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി മാർക്കറ്റുകൾ അടക്കമുള്ള സഹകരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്കിൽ ഏതെല്ലാം ക്ഷേമ്യ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട് ; ഇതിനായി കഴിഞ്ഞ വർഷവും ഈ വർഷവും (2009-10, 2010-2011) എന്ത് തുക ചെലവഴിച്ചു ;

(ബി) ഇതിന് വേണ്ടി സംസ്ഥാന സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ത്രിവേണി മാർക്കറ്റുകൾ അടക്കമുള്ള സഹകരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ക്ഷേമ്യസാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ചെറുപയർ
2. ചെറുപയർ പരിപ്പ്
3. വൻകടല (ബോൾഡ്)
4. ഉഴുന്ന് (ഉണ്ട)
5. വൻപയർ
6. തുവര പരിപ്പ്
7. പീസ് പരിപ്പ്
8. കടുക്
9. മുളക്
10. മല്ലി
11. ഉലുവ
12. ജീരകം
13. ചെറുകടല

സർക്കാരിന്റെ പ്രത്യേക സാമ്പത്തിക സഹായ പദ്ധതിയിൽപ്പെടുത്തി വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾ

1. അരി ജയ
2. അരി കറുവ
3. അരി മട്ട (ഉണ്ട)
4. അരി മട്ട (വടി)
5. പച്ചരി
6. പഞ്ചസാര
7. വെളിച്ചെണ്ണ
8. മറ്റ് വെളിച്ചെണ്ണ
9. ഉഴുന്ന് പരിപ്പ്
10. ഗ്രീൻപീസ്
11. ശർക്കര
12. പിരിയൻ മുളക്

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഓരോ ഉത്സവകാലത്തും പ്രത്യേകമായി ആവശ്യം വരുന്ന ചുവടെ ചേർക്കുന്ന സാധനങ്ങളും വിൽപ്പന നടത്താറുണ്ട്. സേമിയ, പാലട, അരിഅട, ഉരുളക്കിഴങ്ങ്, ചുമന്നുള്ളി, സവാള, ഏത്തക്കായ, ബിരിയാണി അരി (കൈമ), ബിരിയാണി അരി (കോല), ഡാൽഡ, ആട്ട, മൈദ, റവ, കാരയ്ക്ക, പച്ചരിപ്പൊടി, തേയില, മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി. 2009-10 സാമ്പത്തിക വർഷത്തിൽ 126.16 കോടി രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 154.38 കോടി രൂപയും ഉൾപ്പെടെ 280.54 കോടി രൂപയാണ് 2009-10, 2010-11 വർഷങ്ങളിൽ സബ്സിഡിയായി കൺസ്യൂമർഫെഡ് ഉപഭോക്താക്കൾക്ക് നൽകിയത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി വിൽപ്പനയിലെ നഷ്ടം നികത്തുന്നതിന് 62.71 കോടി രൂപ (62,71,30,417 രൂപ) കൺസ്യൂമർഫെഡറേഷന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓണം-2006	1,71,30,417
സഹകരണ വിപണനം കേരളീയം-2007	10,00,00,000
ഓണം-2007	3,00,00,000
ക്രിസ്തുമസ്-2007	1,00,00,000
റംസാൻ-2008	4,40,00,000
അരിചന്ത-2008	6,00,00,000
റംസാൻ-2007	1,68,09,813
ഓണം-2008	4,00,00,000
വിഷു-2008	1,57,70,000
വിഷു-2009	1,00,00,000
ഓണം, റംസാൻ-2008	4,00,00,000
ക്രിസ്തുമസ്-2009	2,00,00,000
നാളിതുവരെയുള്ള ചന്തകൾ	7,34,20,187
വിഷു-2010	5,00,00,000
ക്രിസ്തുമസ്-2010	10,00,00,000
ആകെ	62,71,30,417

LIBRARY ARCHIVES Kerala Legislative Assembly